# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:877 — 04.03.2020-ലെ മറുപടി

## പഴശ്ശി ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പഴശ്ശി പദ്ധതിയിൽ സ്ഥാപിച്ച ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വിതരണ ശേഷിയുടെ എത്ര ശതമാനം ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | പഴശ്ശി പദ്ധതിയിൽ സ്ഥാപിച്ച പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സ്ഥാപിത ശേഷിയായ 90 എം.എൽ.ഡി യുടെ 35% ജലം ഇപ്പോൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | കുടിവെള്ള ക്ഷാമം നേരിടുന്ന ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റി, ചെങ്ങളായി പഞ്ചായത്ത് എന്നിവ പ്രസ്തുത പദ്ധതികൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്; ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ചെങ്ങളായി ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ സർവ്വേ നടപടി സ്വീകരിക്കുന്നതിന് 4,65,000/- രൂപയുടെയും ശ്രീകണ്ഠപുരം നഗരസഭയിലെ നിടിയേങ്ങ വില്ലേജിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ പ്രാരംഭ സർവ്വേ നടപടി സ്വീകരിക്കുന്നതിനുള്ള 2.54 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ടി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല. |
| (സി) | എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയെത്തിയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ